## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2241** **05.02.2018-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സ സഹായം**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഇപ്പോൾ ഏതൊക്കെ അസുഖങ്ങൾക്കാണ് ചികിത്സ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാരുണ്യ പദ്ധതി മുഖേന ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും, തലച്ചോർ, കരൾ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കും ചികിത്സാ സഹായം നൽകി വരുന്നു. |
| (ബി) | കരൾ,വൃക്ക,ഹൃദയം എന്നിവ മാറ്റി വയ്ക്കുന്നതിനുള്ള വലിയ ചികിത്സാ ചെലവ് കണക്കിലെടുത്ത് ഇതിനുള്ള സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വൃക്ക രോഗികൾക്ക് പരമാവധി ധനസഹായം 2 ലക്ഷം രൂപയായിരുന്നത് 14.03.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പരിയാരം മെഡിക്കൽ കോളേജിന് കാരുണ്യ ചികിത്സ പദ്ധതി പ്രകാരം എത്ര രൂപ നൽകാൻ കുടിശ്ശികയുണ്ട്; ആയത് കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ആശുപത്രികളിലെ കാരുണ്യ അക്കൗണ്ടിൽ നിലവിലെ നീക്കിയിരുപ്പ് അനുസരിച്ച് ആവശ്യമായ തുക ആശുപത്രികൾക്ക് നൽകുന്നതും ചെലവിന്റെ വ്യക്തിഗത വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമാണ് തുടർ ഫണ്ട് അനുവദിക്കുന്നതും. പരിയാരം സഹകരണ ആശുപത്രിയിൽ നിന്നും ആവശ്യപ്പെട്ട 20 കോടി രൂപയിൽ 10 കോടി രൂപ 08.12.2017-ലെ ഉത്തരവിലൂടെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വ്യക്തിഗത വിനിയോഗ വിവരം ലഭിക്കുന്ന മുറയ്ക്ക് വീണ്ടും തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ